# <u>പത്രകുറിപ്പ് 27/10/2016</u>

**കെ കെ ശൈലജ ടീച്ചർ**

കിടഞ്ഞി തുരുത്തിമുക്കിൽ നിന്ന് കോഴിക്കോട് ജില്ലയിലെ ഏറാമലക്കും, എട ച്ചേരി തുരുത്തിയിലേക്കുമായി പുതിയ പാലം പണിയുന്നതിനായി 27.10.2016–ന് തിരു വനന്തപുരത്ത് മന്ത്രി കെ കെ ശൈലജടീച്ചറുടെ അധ്യക്ഷതയിൽ ചേർന്ന ഉദ്യോഗ സ്ഥരുടെയും ജനപ്രതിനിധികളുടെയും യോഗം തീരുമാനിച്ചു. യോഗത്തിൽ എംഎൽ എമാരായ സി കെ നാണു, ഇ കെ വിജയൻ എന്നിവരും, ചീഫ് എഞ്ചിനീയർ, കണ്ണൂർ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോഴിക്കോട് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പാലം നിർമ്മാണത്തിന് രൂപീകരിച്ച ജനകീയ കമ്മിറ്റി കൺവീനർ ഇ കെ അശോക്കുമാർ എന്നിവരും പങ്കെടുത്തു. കരിയാട് എടച്ചേരി, ഏറാമാല എന്നീ പഞ്ചായത്തുകളിലെ ജനങ്ങളുടെ ചിരകാല അഭിലാഷമാണ് ഈ പാലം നിർമ്മാണം വഴി പൂവണിയുന്നത്.

എൽഡിഎഫ്–ന്റെ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിലെ പ്രധാനപ്പെട്ട വാഗ്ദാന ങ്ങളിൽ ഒന്നായിരുന്നു ഈ പാലം. അധികാരത്തിലെത്തി ആദ്യ നിയമസഭാസമ്മേളന ത്തിൽ തന്നെ പാലം നിർമ്മാണത്തിന് തുക വകയിരുത്താനായത് എംഎൽഎ എന്ന നിലയിലുള്ള  ശൈലജടീച്ചറുടെ ഇടപെടലിന്റെ ഭാഗമായാണ്.